
# DIGI SPECTRUM



# ആമുഖം

നമ്മുടെ സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും മലയാളം ടൈപ്പിങ്ങിൽ പ്രാവീണ്യം നേടിയ മറ്റു കുട്ടികളും ചേർന്ന് ഒരുക്കിയ ഡിജിറ്റൽ മാഗസിൻ, വിവര സാങ്കേതിക വിദ്യയിൽ വളർന്നു വരുന്ന തലമുറയിലെ പ്രതിഭകളുടെ കൈയൊപ്പ് പതിഞ്ഞതാണ്. മോഡൽ സ്കൂളിന്റെ IT പഠനപ്രവർത്തനങ്ങൾക്കും ഒരു മുതൽ ക്കൂട്ടാണ്.

# ആശംസ

ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ് ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർ സെക്കന്ററി സ്ക്കൂൾ, തൈക്കാട് 2019-20 അദ്ധ്യേനവർഷത്തെ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. വിദ്യാർത്ഥികളുടെ ലേഖനങ്ങളും, സാഹിത്യ കൃതികളുംഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാൻ ഉദ്ധേശിക്കുന്ന ഡിജിറ്റൽ മാഗസിനായ DIGI SPECTRUM ന് എല്ലാവിധ ആശംസകളും നേരുന്നു.

സുരേഷ് ബാബു ആർ.എസ്
HM, ഗവൺമെന്റ് മോഡൽ
ബോയ്സ് ഹയർ സെക്കന്ററി സ്ക്കൂൾ,
തൈക്കാട്



# ആശംസ

ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ് ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർ സെക്കന്ററി സ്ക്കൂൾ, തൈക്കാട് 2019-20 അധ്യേനവർഷത്തെ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. വിദ്യാർത്ഥികളുടെ ലേഖനങ്ങളും, സാഹിത്യ കൃതികളുംഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.


ശ്യാം കുമാർ ബി.എസ്
സീനിയർ അസിസ്റ്റന്റ്,ഗവൺമെന്റ് മോഡൽ
ബോയ്സ് ഹയർ സെക്കന്ററി സ്ക്കൂൾ, തൈക്കാട്



# ആശംസ

ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ് ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, തൈക്കാട് 2019-20 അധ്യേനവർഷത്തെ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. വിദ്യാർത്ഥികളുടെ ലേഖനങ്ങളും, സാഹിത്യ കൃതികളുംഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാൻ ഉദ്ധേശിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

വിജി ദേവി
എസ് ഐ റ്റി സി, ഗവൺമെന്റ് മോഡൽ
ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ,
തൈക്കാട്



# ഉള്ളടക്കം

1. അച്ഛൻ
2. പുതുമഴ
3. പ്രകൃതി
4. മഴ
5. മാതൃ സ്നേഹം
6. വയലും ഞാനും
7. അനാഥി
8. BEST PERFORMER & HIS ACHIEVEMENTS(LITTLE KITES)
9. അമ്മ എന്ന നന്മ
10. കടങ്കഥകൾ
11. കുസൃതി ചോദ്യങ്ങൾ
12. കൃഷി ചൊല്ലുകൾ
13. ഗാന്ധി ക്വിസ്
14. നേരിന്റെ വഴി

15. മഴയിലെ പ്രകൃതി
16. പൂമ്പാറ്റ
17. നിലാവിന്റെ തീരം
18. എന്റെ പൂന്തോട്ടം
19. സാന്ത്വനം
20. പ്രണയം
21. സൂര്യ പ്രണാമം
22. ജീവശാസ്ത്ര ലാബ്
നേരനുഭവങ്ങളുടെ വേദി
23. ആർട്ട് ഗാലറി
24. ഡിജിറ്റൽ പൂക്കളം
25.LITTLE KITES MISTRESS
26. MOTHER'S TRAINING
27. LITTLE KITES MEMBERS
28. നമ്മുടെ സ്ക്കൂളിനെ അറിയാൻ

# അച്ഛൻ

രാത്രിയുറങ്ങാതെ കാത്തിരിക്കും
അച്ഛൻ  വരുന്നതും നോക്കി
നോക്കി
മിഠായിപ്പൊതികളും പുത്തനുടുപ്പും
നൽകുവാനെപ്പോൾ അച്ഛനെത്തും
നൃത്തം ചവിട്ടി രസിക്കുല്ലോ
അച്ഛൻ കളിക്കുമല്ലോ
എന്നോടൊപ്പം
അത്താഴം ഒപ്പം കഴിക്കുമലോ
സ്നേഹത്തിൻ
വിശുദ്ധിയാണെന്റെയച്ഛൻ
അമ്മയെക്കാളെനിക്കേറെയിഷ്ടം
എന്റെ പൊന്നച്ഛനോരായിരം
മുത്തം

-ആദിത്യൻ.എം.എസ്

# പുതുമഴ

ഒരിറ്റു ദാഹജലത്തിനായി
കൊതിക്കുന്ന ഭൂമി തൻ
മാറിലേയ്ക്ക് ജീവാമൃതമായ്
പെയ്തിറങ്ങിയ ജലമുത്തുകളെ
നിങ്ങളാണീ പ്രപഞ്ചത്തിൻ ജീവരക്തം
നിണ്ട ഇടവേളകൾക്കൊടുവിൽ
കണ്ടുമുട്ടുന്ന അമ്മയും കുഞ്ഞും പോലെ..........
നീയും,ഭൂമിയിൽ ആലിംഗനം
ചെയ്യുമ്പോഴുണ്ടാകുന്ന
സ്നേഹത്തിലൻ ഗന്ധത്തിൽ
ഞാനെന്നും
ആകൃഷ്ടനല്ലോ.....
ഹേ മഴയേ....
നിനക്കായ് ഞാൻ കാത്തിരിക്കുന്നു.
ഓരോ വേനൽക്കാലത്തും
നിന്റെ ഗന്ധമറിയാൻ,സ്നേഹ
സ്പർശമറിയാൻ.....
ഒരോമഴയും എനിക്കെന്നും
പുതുമഴയാണ്..... മണ്ണിന്റെ
മണമുള്ള പുതുമഴ.....ഓർമ്മകൾ
മഴവില്ലിന്റെ ചാരുതയാർന്ന
പുതുമഴ......ഓർമ്മകൾക്ക്
മഴവില്ലിന്റെ ചാരുതയാർന്ന പുതുമഴ....
എന്റെ പ്രിയമഴ....

# പ്രകൃതി

മനുഷ്യനാദം പിറന്ന ലോകം.
കളകളമൊഴുകും നദിയും.
കാടിൻ ശാന്തതയും.
മഴ തന്നീണ്ണും.
കിളിതന്നിണ്ണും കാറ്റിൽ.
കുയിലും,എലിയും,പുലിയും,മാനും,
പോത്തും.
പ്രകൃതി നമ്മുടെ ജീവധാനം.

-ആദിത്യൻ.എം.എസ്

# മഴ,പുഴ,തുഴ

ഒരു വേനൽ മഴ കുളിരണിയിച്ചു
എന്നിൽ പെയ്തിറങ്ങി
അതൊരു പുഴയായി
എന്നിൽ നിറഞ്ഞൊഴുകി
അതിൽ ഞാനൊരു കടലാസു
വഞ്ചിയുണ്ടാക്കി തുഴഞ്ഞു
കൊതിയോടെ കണ്ണുതുറന്നു
നോക്കവേ
മഴയുമില്ല,പുഴയുമില്ല,തുഴയുമില്ല

-ആദിത്യൻ.എം.എസ്

# <u>മാതൃ സ്നേഹം</u>

അമ്മ എന്ന രണ്ടാക്ഷരം.വെറും
രണ്ടക്ഷരമല്ലെന്നോർക്കുക.
അമ്മ എന്ന സ്നേഹധനം
ജീവിതത്തെ ധന്യമാകും. പ്രപ
ഞ്ചത്തിൽ അമ്മയെക്കാൾ
വലിയ പോരാളി
മറ്റാരുമില്ല.ജീവിതത്തെ
ധന്യമാക്കും അമ്മ എന്ന
ദീപനാളം

ആദീത്യൻ.എം.എസ്

# വയലും ഞാനും

വയലിൽ വരമ്പത്തു ഞാൻ നിൽ
ക്കെ
നെല്ലുകൾ നെന്മണി
കൊത്തിടുമ്പോൾ
കണ്ടു രസിച്ചു ഞാൻ നിന്നവല്ലോ
ചിതറിക്കിടക്കുന്ന കുരുവികളും
കാക്കൾ,മൈനകൾ,പ്രാവുകൾ
എല്ലാവരും വന്നു ചേർന്നവല്ലോ
സന്ധ്യമയങ്ങി ഇരുട്ടു വീണു
പറവകൾ പാറിപ്പറന്നുപോയി
ഓലകൾ തോറും കൂടണഞ്ഞു
അതുകണ്ടു ഞാനും മടങ്ങിയല്ലോ

ആദിത്യൻ.എം.എസ്

# അനാഥി

ഈ കാറ്റിൽ ഒരുപാട്
ഓർമ്മകൾ വീണു
ദീർഘമൊരു തലോട
ലായി അകലെയായി
മാഞ്ഞു
ഇവിടെ നിന്ന് എവിടെയോ
പിന്നെയും പാഞ്ഞു
അശേഷമൊരു അനാ
ഥിയായി എവിടെയും
നിറഞ്ഞു
ആത്മാവ് ചാരമായി
ഗന്ധത്തിൽ ആണ്ടു
വേദവും നാദവും
മോദമായ് തീർന്നു
നിശബ്ദമൊരു ശബ്ദമായി
ആത്മാവിൽ ആഴ്ന്നു
അശരീരികൾക്കിടയിലെ
തലവനായി വാണു
വിശ്വത്തിൽ എവിടെയും
ശ്വാസമായി വിടർന്നു

# MOHAMMED SHIHAS . S



## ACHIEVEMENTS

- LITTLE KITES BEST PERFORMER.
- STATE LEVEL PARTICIPANT (ANIMATION).
- IT QUIZ (SUB-DISTRICT 1st).
- RUBIK'S CUBE - MASTER OF THE YEAR 2018-2019.

# അമ്മ എന്ന നന്മ

അമ്മയെന്ന ദൈവത്തിൻ മുമ്പിൽ
കൈക്കൂപ്പി
നിൽക്കുന്നു ഞാൻ
വാൽസല്യത്തിൽ നറുതേൻ
പകർന്നൊരമ്മ
അമ്മിഞ്ഞപ്പാലിൻ മാധുര്യം
എൻ രസനയിൽ പകർന്നൊരമ്മ
അറിവിൻ
ദീപം എന്നിൽ പകർന്നതെന്നമ്മ
എൻ പാതയിൽ നറദീപമായെന്നമ്മ
നന്മകൾ മാത്രമെന്നിൽ ചൊരിയുന്നു
ജീവിതത്തിന്നിരുൾ പാന്ഥാവ്
താണ്ടുവാൻ
സ്നേഹതാളമായ് എരിന്നൊരെന്നമ്മ
പ്രണയിക്കുന്നു നമ്രശിരസ്ക്കയായ്
നന്മതൻ തേൻ ചൊരിയുന്നൊരമ്മയെ

-ഫർഹാൻ ഫൈസി

# കടങ്കഥകൾ

1)എന്റെ അച്ഛനൊരു മൃഗത്തിനെ കൊണ്ടു വന്നു.കെട്ടാൻ ചെന്നപ്പോൾ കഴുത്തില്ല.

ഉത്തരം : ആമ

2) കട കത്തിച്ചു തലകുത്തിച്ചു.
ഉത്തരം : നെല്ല്.

3) കാട്ടിലിറ്റിറ്റു ചോര.
ഉത്തരം : മഞ്ചാടിക്കുരു

# കുസൃതി ചോദ്യങ്ങൾ

1) ആദ്യത്തെ ബഹിരാകാശ സഞ്ചാരി?

ഉത്തരം : ഹനുമാൻ

2) തൊടാൻ പറ്റാത്ത കറി?

ഉത്തരം : മെർക്കുറി

3) ജീവനുള്ള വള?

ഉത്തരം : തവള

4) പൂക്കാത്ത മാവ് ?

ഉത്തരം : ആത്മാവ്

5) അപകടം പിടിച്ച പത്ത് ?

ഉത്തരം : ആപത്ത് .

6) കഴിക്കാൻ പറ്റാത്ത ജാം?

ഉത്തരം : ട്രാഫിക്ക് ജാം

# കൃഷിച്ചൊല്ലുകൾ

1) മുളയിലറിയാം വിള
2) നിലമറിഞ്ഞ് വിത്തിടണം
3) കള പറിച്ചാൽ കള നിറയും
4) നട്ടു തിന്നണം കട്ടു തിന്നരുത
5) വിത്തിനനുസരിച്ച് വിളവ്
6) ഇല്ലം നിറവല്ലം നിറ പത്തായം നിറ
7) ഞാറുറച്ചാൽ ചോറുറച്ചു
8) പതിരില്ലാതെ കതിരില്ല
9) വിള പുറത്ത് വേലി കെട്ടരുത്
10) സമ്പത്ത് കാലത്ത് തൈ പത്ത് നട്ടാൽ ആപത്ത് കാലത്ത് കാപത്ത് തിന്നാം.

# ഗാന്ധി ക്വിസ്

1)എന്നാണ് ഗാന്ധിജിയുടെ ജനനം ?

ഉത്തരം: 1869

2) ഗാന്ധിയുടെ പുർണ്ണനാമം എന്താണ് ?

ഉത്തരം: മോഹൻദാസ് കരംചന്ദ് ഗാന്ധി

3) ഗാന്ധിജിയുടെ ജന്മസ്ഥലം എവിടെ?

ഉത്തരം: പോർബന്ദർ (ഗുജറാത്ത് )

4) ഗാന്ധിജിയുടെ മാതാവിന്റെ പേരെന്ത് ?

ഉത്തരം:പുത്ലീഭായി

5) സത്യാഗ്രഹസഭ രൂപീകരിച്ചത് ആര് ?

ഉത്തരം: മഹാത്മാ ഗാന്ധി.

6) ഗാന്ധിയെ ആദ്യമായി ജയിലിലിലടച്ച വർഷം ഏത് ?

ഉത്തരം: 1904

# നേരിന്റെ വഴി

കണ്ണുണ്ടായാൽ പോരാ നമ്മൾ
നല്ലതു തന്നെ കാണേണം
കാതുണ്ടായാൽ പോരാ നമ്മൾ
നല്ലതു തന്നെ കേൾക്കേണം
നാവുണ്ടായാൽ പോരാ നമ്മൾ
നല്ലതു തന്നെ ചൊല്ലേണം
കയ്യുണ്ടായാൽ പോരാ നമ്മൾ
നല്ലതു തന്നെ ചെയ്യേണം
കാലുണ്ടായാൽ പോരാ നമ്മൾ
നല്ല വഴിയെ നടക്കേണം

# മഴയിലെ പ്രകൃതി

മഴയെത്തി, മഴയെത്തി
പ്രകൃതിയിൽ മഴയെത്തി
പക്ഷികൾ ഇവിടെ
പറന്നിറങ്ങി
പ്രകൃതിയിൽ
കാറ്റുണർന്നു
മനുഷ്യർ
തെളിഞ്ഞുണർന്നു
ചെടികൾ തളിരണിഞ്ഞു.
പുഴകൾ കുളിരണിഞ്ഞു.
മലരുകൾ ചിരിപൊഴിച്ചു
പ്രകൃതി കനിവേകി നിന്നു.

# പൂമ്പാറ്റ

പൂമ്പാറ്റ നല്ലൊരു പൂമ്പാറ്റ
വർണ്ണങ്ങൾ പലതുള്ള പൂമ്പാറ്റ
അങ്ങോട്ടും ഇങ്ങോട്ടും പാറി
നടക്കും
വർണ്ണ ചിറകുള്ള പൂമ്പാറ്റ
കണ്ടാലൊരു കൊതിക്കും മേനി
തേൻ ശേഖരണം കർത്തവ്യം
കൂട്ടുകാരായുള്ള
വണ്ടുകൾക്കൊപ്പം
ആടിത്തിമിർത്തു രസിക്കുന്നു
പൂക്കളിൽ നിന്ന് പൂമ്പൊടിയേറ്റി
ലോകം മുഴുവൻ വിതയക്കുമ്പോൾ
നാളെയും നല്ലൊരു
ദിനമാക്കാൻ
ഏവരുമൊത്തു പ്രാർത്ഥിക്കുന്നു

-സഹ.എസ്

# നിലാവിന്റെ തീരം

നിലാവിന്റെ നിലാവേ
ഈ നിലാവിന്റെ പ്രഭയിൽ
കുളിരുമെൻ തീരം
നിലാവിന്റെ ശാന്തതയിൽ
ചെറുതരി ശബ്ദവീചികളാൽ
ഭൂമീയെ ത്രസിപ്പിക്കുമെൻ
ലളിതമനോഹരിയാം തീരം
നിന്റെ നിലാപ്പൊയ്കയിൽ
നീലത്താമരയായ് വിടരും
ഈ ഭൂമി
നിലാവിന്റെ മന്ദഹാസത്താൽ
പുളക്കം കൊള്ളും
ഈ ഭൂമിയും തീരവും
ഹാ! നിന്നെ വർണ്ണിക്കാൻ
ഏനിക്ക് വാക്കുകൾ തികയുന്നില്ല

-സഹ.എസ്
9.B

# എന്റെ പൂന്തോട്ടം

ഒരു കൊച്ചു തെന്നലിൽ സുഖമേറ്റ
എന്റെ പൂന്തോട്ടം
ഞാനന്ന്
പുഴവക്കിലൂടെ,നടന്നിടുമ്പോൾ
അന്നു നിയെന്നരികിലോടിയെത്തി,
എനിക്കൊരു പൂന്തോട്ടം തന്നു
നീ കാതിലെന്തോ,മൊഴിഞ്ഞിടുമ്പോൾ
ഇടക്കണ്ണു കൊണ്ടുള്ള
നോട്ടത്തിലലിഞ്ഞു ഞാൻ,
നിന്റെ ഹൃദയത്തുടിപ്പു മനസ്സിലാക്കി
മുക്ക്ത്തമാം സത്യം, എങ്ങോ മറച്ചുനീ
എന്നെ അഗാധമായ് നോക്കി നിൽക്കേ
എന്തു പറവതെന്നറിയാതെ നിന്റെ
പൂന്തോട്ടം ഞാൻ സ്വീകരിച്ചു

-സഹ.എസ്
9.ബി

# സാന്ത്വനം

വഴിയരികേ വിഹായസ്സുപേലെ
കുടുചൂടുമീ തണൽമരംപോൽ
പൊലുള്ളുമീ വേനലിൽ
കുളിരേകുന്നതുപോലെ
ആ ... വൃക്ഷത്തണലിൽ
മർത്യർക്ക് സാന്ത്വനം നൽകുംപോൽ
നാം മർത്ത്യർക്കുസാന്ത്വനമാവണം
മറ്റൊരുവന്റെ ദുഃഖം എന്റെയെന്നു
തിരിച്ചറിയുന്നചേതസ്സുണ്ടാവണം
നാം ജീവജാലത്തിൻ ദുഃഖത്തിൻ
തണൽമരമാവണം
ലാഘ്യവത്തോടെ പിഴുതുമാറ്റുമീ കാനനങ്ങളെ
അരുതേ ! ഇനിയുള്ള തലമുറകളെ
സ്വച്ചലാഭം നോക്കി നടക്കുമീ മർത്ത്യർ
ചിത്തത്തിൻ സ്നേഹമെവിടെ ? കരുണയെമിടെ ?
ഇനി കുഞ്ഞുമനസ്സിൽ സ്നേഹ -
വിത്തുകൾ നൽകാം നമുക്കിനി
കൊയ്യട്ടേ തലമുറകൾ നൂറുമേനി
സാന്ത്വനമേകാനവർതൻ
-
അന്തരംഗങ്ങളിൽ കരുണയുണ്ടാവട്ടെ
സ്നേഹത്തിൻ സാന്ത്വനചിറകുമായി
ഈ ലോകം മുഴുവൻ അവർ പറക്കട്ടേ
മർത്ത്യർ തൻ ചിത്തം നന്മകൾ കോണ്ട
ആകാശം പോലെ കുടചൂടട്ടേ
തോണ്ടുന്ന മനസ്സിനു സ്നേഹത്തിൻ
സാന്ത്വന കുളിർമഴ പയ്യട്ടെ

-Mohammed Ziyad N.S

# പ്രണയം

ഒരു കിളിയായിരുന്നെങ്കിൽ ഞാൻ നിൻ
അരുകെ പാറിവന്നേനെ ഒരു
മലരായിരുന്നെങ്കിൽ ഞാൻ നിൻ
കുന്തലിൽ ചൂടി നിന്നേനെ (2)

ഒരു രാവിൽ അവളെ കണ്ടനാൾ
എന്നുള്ളിൽ പ്രണയം ഉണർന്നനാൾ (2)

എന്നുള്ളിലെ പ്രണയമറിഞ്ഞവൾ
മിഴിതുറന്നു
......
എൻ ഉള്ളിലെ താമരപ്പൂവേ
നിൻ ഇതളുകൾ തഴുകിയ നാളിൽ

# സൂര്യ പ്രണാമം

കാമുകിയാകുന്ന സൂര്യകാന്തിയെ
ഒന്ന് കാണുവാനഗ്രഹമായ
നേരം പുലരുമ്പോൾ
ഞാനോടിയെത്തുന്നു
അന്നേരം നീ പുഞ്ചിരി തൂകിടുന്നു
നിൻ പുഞ്ചിരിയിൽ പൗർണമിചന്ദ്രന്റെ
നിലാവെളിച്ചം ഞാൻ കണ്ടീടുന്നു
ആ വെളിച്ചം എന്റെ
ഹൃദയത്തിന്നുള്ളിൽ
പ്രണയത്തിൻ വിത്തുകൾ പാകീടുന്നു
പ്രണയത്തിൻ വിത്തുകൾ
ഹൃദയത്തിന്നുള്ളിൽ
തളിർചെടിയായി മാറിടുമ്പോൾ
ആ ആനന്ദത്തിൽ ചിന്തിച്ചു ചിന്തിച്ചു
മതി മറന്നു ഞാൻ നിന്നീടുന്നു
നേരം പടിഞ്ഞാറ് വെള്ളത്തിൽ
താഴ്ന്ന
സഖിയെ നീ എന്നിൽ
നിന്നുപിരിയുകയോ

# ജീവശാസ്ത്ര ലാബ് നേരനുഭവങ്ങളുടെ വേദി

"കാഴ്ച" എന്ന മാസ്മരിക പ്രതിഭാസത്തിന്റെ നിഗൂഢതകളിലേയ്ക്കും ഹൃദയത്തിൽ ഉള്ളറകളിലേക്കും കുരുന്നുകളെ
നയിക്കാൻ മോഡൽ സ്ക്കൂൾ ഹൈസ്ക്കൂൾ വിഭാഗം

ബയോളജി അദ്ധ്യാപകർ സദാ പ്രവർത്തനനിരതരാണ് . പ്രകാശരശ്മികളെ ഒരു ബിന്ദുവിലേയ്ക്ക് സംവ്രജിപ്പിക്കുന്ന സ്ഫടിക ലൻസിനെ തോട്ടറിയാനുള്ള
അവസരവും വികാരവിചാരങ്ങളുടെ കേളിക്കൊട്ട്

നടക്കുന്ന മസ്തി-


ഷ്ക്കത്ത കൈയിലൊതുക്കി അതിലെ വിവിധതലങ്ങളെ പരിചയപ്പെടുത്താനും ഹൃദയത്തിന്റെ ഉള്ളറകളെ സ്പർശിച്ചറിയാനും ഉള്ള സാഹചര്യം ബയോളജി ലാബിൽ സജ്ജീകരിച്ചു. നാൽക്കാലികളുടെ കണ്ണ് , മസ്തിഷ്ക്കം,ഹൃദയം എന്നിവ വിച്ഛേദിച്ച് വിശകലനം ചെയ്ത് കിട്ടികളെക്കൊണ്ട് തന്നെ റിപ്പോർട്ട

തയ്യാറാക്കിച്ചു.കൂടാതെ മറ്റ് പരീക്ഷണങ്ങൾക്കും ലാബ് നിരന്തരം വേദിയാകുന്നു. നല്ല നാളേയ്ക്കുവേണ്ടി ഒരു ഉത്തമ ശാസ്ത്രജ്ഞനെ സൃഷ്ടിക്കുക എന്നതാണ് ബയോളജി വിഭാഗത്തിന്റെ പരമായ ലക്ഷ്യം. ഭൂമിയുടെ സംരക്ഷകരെ വാർത്തെടുക്കുക എന്ന ഉത്തുംഗമായ ലക്ഷ്യബോധത്തിന് കൂട്ടായി
ബഹുമാനപ്പെട്ട ഹെഡ്മാസ്റ്ററും ഞങ്ങൾക്കൊപ്പമുണ്ട്

-Mohammed Ziyad N.S


# ART GALLERY










# OUR DIGITAL POOKALAM







# LITTLE KITES MISTRESS




**ANJUSHA DEVI .A.S**




**SHERIN.A**

# MOTHER'S TRAINING











# LITTLE KITES MEMBERS



GOVT:MODEL BOYS
H.S.S , THYCAUD

# നമ്മുടെ സ്കൂളിനെ അറിയാൻ !




little
KITEs